**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3009** **07-10-2025 - ൽ മറുപടിയ്ക്ക്**

**വനവിഭവങ്ങളുടെ വിപണനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അപൂർവയിനം ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള വനവിഭവങ്ങളുടെ ശേഖരണവും വിപണനവും കാര്യക്ഷമമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 2006ലെ വനാവകാശ നിയമ പ്രകാരം, കേരള സംസ്ഥാന പട്ടിക ജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷന് (Kerala State Schedule Caste/Schedule Tribes Development Federation) കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വനവിഭവ ശേഖരണത്തിനായി എല്ലാ വർഷവും അതത് സംഘങ്ങളുടെ പ്രവർത്തന മേഖല ഉൾപ്പെടുന്ന വനം റേഞ്ചുകൾ അനുവദിച്ചു വരുന്നുണ്ട്. ടി സംഘങ്ങൾ ശേഖരിക്കുന്ന ചെറുകിട വന വിഭവങ്ങൾ ഫെഡറേഷൻ വഴി വിപണനം നടത്തി വരുന്നു.<br><br>ദേശീയ ഔഷധ സസ്യ ബോർഡിന്റെ (NMPB) ധന സഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ ആദിവാസികൾ വനത്തിൽ നിന്നും ശേഖരിക്കുന്ന തടിയേതര വന വിഭവങ്ങൾ ശാസ്ത്രീയമായി സംസ്കരിച്ച് മൂല്യവർദ്ധനവ് നടത്തി സൂക്ഷിക്കുന്നതിനുള്ള മെച്ചപ്പെട്ട സ്റ്റോറേജ് സംവിധാനങ്ങൾ വനം വകുപ്പ് വിവിധ വന വികസന ഏജൻസികൾക്ക് കീഴിലായി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ചെറുകിട വന വിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയിൽ ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന VSS/EDC അംഗങ്ങൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.<br><br>ആദിവാസികൾ വനത്തിൽ നിന്നും ശേഖരിക്കുന്ന വന വിഭവങ്ങൾക്ക് ന്യായവില ലഭ്യമാക്കുക, അവരെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ വനം വകുപ്പ് "വനശ്രീ" പദ്ധതി വിഭാവനം ചെയ്തു നടപ്പാക്കി വരുന്നു. ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ |

ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയാണ് വനശ്രീയുടെ മുഖ്യ കർമ്മ പരിപാടി. ആദിവാസികൾ ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ മൂല്യവർദ്ധനവ് നടത്തി സംസ്ഥാനത്തൊട്ടാകെ പ്രവർത്തിക്കുന്ന 74 വനശ്രീ യൂണിറ്റുകൾ (രണ്ടു മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ) വഴി വിപണനം നടത്തുന്നുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ MSP ഫോർ MFP (75:25 CSS) - പദ്ധതിയുടെ ഫണ്ട് ഉപയോഗപ്പെടുത്തി, വിവിധ വനശ്രീ ഔട്ട്ലെറ്റുകൾ നവീകരിക്കുകയും വനവിഭവ സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തേൻ ശേഖരണത്തിനായി പദ്ധതിയിൻ കീഴിൽ ഒരു Revolving fund രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ കീഴിൽ കേരളത്തിൽ ലഭ്യമായ 24 ഇനം ചെറുകിട വനവിഭവങ്ങളെ കേന്ദ്ര സർക്കാരിന്റെ ചെറുകിട വന വിഭവങ്ങൾക്കുള്ള താങ്ങുവില പട്ടികയിൽ ഉൾപ്പെടുത്തി ടി വിഭവങ്ങൾക്ക് മിനിമം തുക ലഭ്യമാക്കുന്നതിന് സഹായകരമാവുകയും ചെയ്തിട്ടുണ്ട്.

പ്രധാൻ മന്ത്രി വൻ ധൻ യോജന - വൻ ധൻ വികാസ് കേന്ദ്ര (PMJVM - VDVK 100% CSS) പദ്ധതിക്ക് കീഴിൽ VDVK -കൾ രൂപീകരിക്കുന്ന പദ്ധതി സംസ്ഥാന വന വികസന ഏജൻസി (SFDA Kerala)-യുടെ ആഭിമുഖ്യത്തിൽ 2021-22 മുതൽ വനം വകുപ്പ് നടപ്പാക്കി വരുന്നു. ആദിവാസി വിഭാഗങ്ങളുടെ സാമൂഹിക- സാമ്പത്തിക വികസനത്തിനായുള്ള മാസ്റ്റർപ്ലാൻ ആയി 'വൻ ധൻ' സ്റ്റാർട്ടപ്പുകൾ കരുതപ്പെടുന്നു. 31 VDVKകൾ വഴി 63 മൂല്യവർദ്ധിത ചെറുകിട വന വിഭവങ്ങൾ നിലവിൽ വിപണനം ചെയ്തു വരുന്നുണ്ട്. വൻ ധൻ വികാസ് കേന്ദ്ര (VDVK) യിലൂടെ വനാശ്രിത സമൂഹങ്ങൾക്ക് വിവിധ വന ഉൽപ്പന്നങ്ങൾ മൂല്യ വർദ്ധനവ് നടത്തി വില്പന നടത്താൻ അവസരമൊരുക്കുന്നതിന് പുറമെ അവരെ സംരംഭകരാക്കുന്നതിന് വേണ്ട സാമ്പത്തിക - സാങ്കേതിക സഹായവും ഈ പദ്ധതി വഴി നൽകുന്നുണ്ട്.

പ്രധാൻ മന്ത്രി ജൻജാതി ആദിവാസി ന്യായ മഹാ അഭിയാൻ സ്കീം (PMJANMAN) -PVTG VDVK (100% CSS) പദ്ധതി വഴി കേരളത്തിലെ ആദിവാസി വിഭാഗങ്ങളിലെ അതിദുർബ്ബല വിഭാഗക്കാരുടെ ശാക്തീകരണത്തിനായി PVTG VDVK-കൾ രൂപീകരിക്കുന്നതിനുള്ള പദ്ധതി TRIFED ന്റെ ധനസഹായത്തോടെ സംസ്ഥാന വന വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ 2023-24 മുതൽ

| | | | |
|---|---|---|---|
| | | | നടപ്പാക്കി വരുന്നു. കേരളത്തിൽ നിലവിൽ വയനാട്, പാലക്കാട് ജില്ലകളിലായി ഏഴ് PVTG VDVK-കൾ രൂപീകരിച്ചിട്ടുണ്ട്. ടി PVTG-VDVK കളിലായി 537 പേർ അംഗങ്ങളായിട്ടുണ്ട്.<br><br>ഇവ കൂടാതെ മണ്ണാർക്കാട് വനം ഡിവിഷന് കീഴിൽ അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങൾ ശേഖരിക്കുന്ന ഔഷധ സസ്യങ്ങൾ വി.എസ്.എസ്. മുഖേന ഏകീകരിച്ച് നേരിട്ട് വിവിധ ആയുർവേദ കമ്പനികൾക്ക് വിതരണം ചെയ്യുന്ന 'വനാമൃതം പദ്ധതി', മൂന്നാർ വന്യജീവി ഡിവിഷൻ കീഴിൽ (ആനമുടി FDA) 2015-16 വർഷങ്ങളിൽ മില്ലറ്റുകളും മറ്റ് പരമ്പരാഗത കാർഷിക വിളകളും സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച 'പുനർജ്ജീവനം' പദ്ധതി തുടങ്ങിയ സംരംഭങ്ങളും വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ വന വിഭവങ്ങളുടെ മെച്ചപ്പെട്ട വിപണത്തിനായി ഏർപ്പെടുത്തുകയുണ്ടായിട്ടുണ്ട്.<br>നിലവിൽ 'വനശ്രീ' വിഭവങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്തുന്നതിനായി ഒരു വെബ് സൈറ്റ് വനം വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. 'vanasree.in''. എന്ന വെബ്പോർട്ടൽ വഴി രാജ്യത്തുടനീളം വിവിധ തടിയേതര വന ഉൽപ്പന്നങ്ങളുടെ ലഭ്യത ഇന്ത്യ പോസ്റ്റ് കൊറിയർ സേവനം വഴി ഉറപ്പാക്കിയിട്ടുണ്ട്. ഈ വെബ് പോർട്ടൽ വനം വകുപ്പിന്റെ കേന്ദ്രീകൃത ഇക്കോടൂറിസം വെബ് പോർട്ടലും കൂടാതെ മൊബൈൽ അപ്പുമായും ബന്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ, 'വനശ്രീ' വിഭവങ്ങളുടെ അഗ്മാർക് രജിസ്ട്രേഷനും, ബ്രാൻഡിങ്ങും നടത്തുന്നതിനുള്ള നടപടികളും വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ തടിയേതര വന വിഭവങ്ങളുടെ സുസ്ഥിര ശേഖരണം ഉറപ്പാക്കുന്നതിനായി Sustainable Harvesting Protocol) -കൾ വനം വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. |
| (ബി) | വനവിഭവങ്ങളുടെ ശേഖരണവും വിപണനവും നടത്തുന്ന വനശ്രീയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (ബി) | വനശ്രീ ഔട്ട് ലെറ്റുകൾ ശാക്തീകരിക്കുന്നതിനായി എല്ലാ വനശ്രീ യൂണിറ്റുകളിലും ഓൺലൈൻ പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 'വനശ്രീ' വിഭവങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്തുന്നതിനായി ഒരു വെബ് സൈറ്റും, മൊബൈൽ ആപ്പും വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 'വനശ്രീ' വിഭവങ്ങളുടെ അഗ്മാർക് രജിസ്ട്രേഷനും, ബ്രാൻഡിങ്ങും നടത്തുന്നതിനുള്ള നടപടികളും വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.<br><br>MSP ഫോർ MFP (കേന്ദ്ര പദ്ധതി) ഫണ്ട് ഉപയോഗപ്പെടുത്തി, വിവിധ വനശ്രീ ഔട്ട് ലെറ്റുകൾ നവീകരിക്കുകയും വന വിഭവ സംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പദ്ധതിയായ |

| | | | |
|---|---|---|---|
| | | | വൻധൻ വികാസ് കേന്ദ്രങ്ങൾ (VDVK) വഴി വിവിധ വന വിഭവങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമിക്കുകയും അവ വനശ്രീ വഴി വിപണനം നടത്തിയും വരുന്നു.<br><br>വനശ്രീ ഉൽപ്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി, കേരള വനം വകുപ്പ് രണ്ട് പുതിയ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി വിപണനം ആരംഭിച്ചിട്ടുണ്ട്. |
| (സി) | വനാശ്രിത സമൂഹത്തിന്റെ പ്രധാന ഉപജീവനമാർഗമായ വനവിഭവങ്ങളുടെ ശേഖരണം പ്രകൃതിക്കും ആവാസവ്യവസ്ഥയ്ക്കും ദോഷകരമാകാത്ത രീതിയിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദ വിവരം നൽകുമോ; | (സി) | ദേശീയ ഔഷധ സസ്യ ബോർഡിന്റെ ധനസഹായത്തോടെ തടിയേതര വനവിഭവങ്ങളുടെ ശാസ്ത്രീയമായ ശേഖരണ, സംസ്കരണ, മൂല്യവർദ്ധനവ് എന്നീ കാര്യങ്ങളിൽ VSS/EDC അംഗങ്ങൾക്കായി ആവശ്യമായ പരിശീലന പരിപാടികൾ നടത്തിയിട്ടുണ്ട്.<br><br>തടിയേതര വന വിഭവങ്ങളുടെ സുസ്ഥിര ശേഖരണം ഉറപ്പാക്കുന്നതിനായി Sustainable Harvesting Protocol-കൾ വനം വകുപ്പ് വികസിപ്പിച്ചിട്ടുണ്ട്. വിവിധ വന ഡിവിഷനുകളുടെ കിഴിൽ പ്രവർത്തിക്കുന്ന സമിതികളിലൂടെ ഇവ NTFP ശേഖരിക്കുന്നവർക്ക് കൈമാറുകയും വേണ്ട പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. ഈ പ്രോട്ടോകോളുകളിലൂടെ ആവാസവ്യവസ്ഥയുടെ സന്തുലിതാവസ്ഥ, ആരോഗ്യം, ജൈവവൈവിധ്യം എന്നിവ നിലനിർത്താനും, സുസ്ഥിരമായ രീതികൾ നടപ്പാക്കുന്നതിലൂടെ "ഡിസ്ട്രെസ് സെല്ലിങ്" ഒഴിവാക്കുകയും അതുവഴി വന വിഭവങ്ങളുടെ ദീർഘകാല ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുന്നു.<br><br>പുനരുജ്ജീവന പ്രവർത്തിയിലൂടെയും സംരക്ഷണത്തിലൂടെയും മണ്ണൊലിപ്പ് കുറയ്ക്കുന്നതിനും അങ്ങനെ വെള്ളപ്പൊക്കം തടയാനും ജലത്തിന്റെ ഗുണനിലവാരം നിലനിർത്തുന്നത് വഴി വനാശ്രിത ആദിവാസി സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നുമുണ്ട്.<br><br>കാലാകാലങ്ങളായി വനങ്ങൾ സംരക്ഷിച്ച വരുന്ന വനാശ്രിത ആദിവാസി സമൂഹങ്ങളുടെ അറിവുകൾ "Sustainable Harvesting Protocol" -മായി സംയോജിപ്പിച്ച് തടിയേതര വന വിഭവങ്ങളുടെ ദീർഘകാല ഉൽപ്പാദനക്ഷമത, അവ നിലനിർത്തൽ തുടങ്ങിയവ ഉറപ്പാക്കുവാൻ സാധിക്കുന്നു. |
| (ഡി) | വനാശ്രിത സമൂഹത്തിൽപ്പെട്ട അഭ്യസ്തവിദ്യരായവർക്ക് അനുയോജ്യമായ തൊഴിൽ ലഭിക്കുന്ന വിധത്തിൽ വനശ്രീ ഉല്പന്നങ്ങളുടെ | (ഡി) | വനാശ്രിത സമൂഹത്തിൽപ്പെട്ട അഭ്യസ്തവിദ്യരായവർക്ക് അനുയോജ്യമായ തൊഴിൽ അവസരങ്ങൾ പ്രധാനം ചെയ്യുക എന്നത് മുന്നിൽ കണ്ടുകൊണ്ടാണ് വനം വകുപ്പ് 'വനശ്രീ' |

| | | | |
|---|---|---|---|
| | ഓൺലൈൻ വിപണനം ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | | ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനം "vanasree.in" എന്ന വെബ് പോർട്ടൽ വഴി നടത്തി വരുന്നത്. പോസ്റ്റൽ ഡിപ്പാർട്ട്മെൻറ് വഴിയാണ് ഉൽപ്പന്നങ്ങൾ ഇന്ത്യയിലുടനീളമുള്ള ഉപഭോക്താക്കൾക്ക് നേരിട്ട് എത്തിക്കുന്നത്. വനശ്രീ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണനത്തിലൂടെ ടി വിഭവങ്ങൾ രാജ്യം മുഴുവൻ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനും അതുവഴി ഉൽപ്പന്നങ്ങളുടെ ആവശ്യകത വർദ്ധിക്കുകയും ആയത് കൂടുതൽ തൊഴിൽ അവസരങ്ങൾ വനാശ്രിത സമൂഹത്തിന് ലഭ്യമാക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ